(സി) ഈ ആശുപത്രിയോടനുബന്ധിച്ച് ഗതാഗതയോഗ്യമായ റോഡും കൃ.എസ്. റോഡിൽ നിന്നും ആശുപത്രിയിൽ എത്തുന്നതിന് ഒരു ലെവൽക്രോസും ഉണ്ടാക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലിന്റെ ഇപ്പോഴത്തെ അവസ്ഥ വെളിപ്പെടുത്തുമോ ;

(ഡി) ഇക്കാര്യത്തിൽ ഇ.എസ്.ഐ. കോർപ്പറേഷൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ? വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മെഡിസിൻ, സർജറി, ഗൈനക്കോളജി, പീഡിയാട്രിക്സ്, ഓർത്തോ പീഡിക്സ്, അനസ്തീഷ്യ, ഡെന്റിസ്റ്റ്എന്നീ സ്പെഷ്യാലിറ്റികളാണുള്ളത്.

(ബി) ഓരോ സ്പെഷ്യാലിസ്റ്റ് വിഭാഗത്തിലും ഓരോ തസ്തിക വീതമാണ് അനുവദിച്ചിട്ടുള്ളത്. ഫിസിഷ്യൻ, സർജൻ എന്നീ തസ്തികകളിൽ ഇപ്പോൾ ഒഴിവുണ്ട്. ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ ഇത് സംബന്ധിച്ച് നിർദ്ദേശമൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത് സംസ്ഥാന സർക്കാരാണെന്നാണ് കോർപ്പറേഷന്റെ നിലപാട്.

ഇ.എസ്.ഐ. പരിരക്ഷ ഉറപ്പു വരുത്താൻ നടപടി

73 (2651) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ കടുത്തുരുത്തി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഫാക്ടറികളിൽ ഇ.എസ്.ഐ. നിയമം ബാധകമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(സി) ഈ ഫാക്ടറികളിലെ തൊഴിലാളികൾക്ക് ഇ.എസ്.ഐ. നിയമത്തിന്റെ പരിരക്ഷ ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) കടുത്തുരുത്തി റവന്യൂ വില്ലേജിൽ ഇ.എസ്.ഐ. നിയമം ബാധകമാക്കിയിട്ടില്ലെന്നതാണ് ഇതിനു കാരണം.

(സി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly